**27/6/2017-ൽ എറണാകുളം ജനറൽ ആശുപത്രിയിലെ ടെലിമെഡിസിൻ ഹാളിൽ ചേർന്ന സംസ്ഥാനതല ആഡിറ്റ് അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ്.**

ബഹുമാനപ്പെട്ട കേരള സർക്കാറിന്റെ നിർദ്ദേശാനുസരണം നടത്തപ്പെടുന്ന ആഡിറ്റ് അവലോകന യോഗം 27/6/2017-ന് കൃത്യം 10.30 ന് ~~മണിക്ക്~~ ആരോഗ്യ വകുപ്പിലെ സീനിയർ ഫിനാൻസ് ആഫീസറുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. അവലോകനയോഗം എറണാകുളം ജില്ലാ മെഡിക്കൽ ആഫീസർ ഡോ.എൻ.കെ.കുട്ടപ്പൻ ഉദ്ഘാടനം ചെയ്തു.

ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ സമയബന്ധിതമായി ആഡിറ്റ് നടത്തേണ്ടതിന്റെയും അവയുടെ തടസ്സവാദങ്ങൾ യഥാസമയം തീർപ്പാക്കേണ്ടതിന്റെയും പ്രാധാന്യം മനസ്സിലാക്കി എല്ലാവരും പ്രവർത്തിക്കണമെന്ന് ജില്ലാ മെഡിക്കൽ ആഫീസർ അഭിപ്രായപ്പെട്ടു.

തുടർന്നു നടന്ന അവലോകന യോഗത്തിൽ ടി യോഗത്തിന്റെ പ്രാധാന്യത്തേയും, സ്ഥാപനങ്ങൾക്ക് സർക്കാറിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കുന്നുണ്ടോയെന്നും ഇവയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നുണ്ടോ എന്നതു സംബന്ധിച്ചും പരിശോധിക്കുന്നതിന് യഥാസമയം ആഡിറ്റ് പൂർത്തിയാക്കേണ്ടതുണ്ടെന്ന് സീനിയർ ഫിനാൻസ് ആഫീസർ അഭിപ്രായപ്പെടുകയുണ്ടായി.

അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള തടസ്സവാദങ്ങൾക്ക് യഥാസമയം മറുപടി നൽകാത്തത് അവ ഡ്രാഫ്റ്റ് പാരയായി മാറുകയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ വരുകയും ചെയ്യും. അതോടൊപ്പം ധനകാര്യ പരിശോധനാ വിഭാഗം നടത്തുന്ന ആഡിറ്റ് ഉൾപ്പെടെ തടസ്സവാദങ്ങൾക്ക് മറുപടി ലഭ്യമാക്കുന്ന കാര്യത്തിൽ ജില്ലാ ആഡിറ്റ് വിഭാഗവും ബന്ധപ്പെട്ട ജീവനക്കാരും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും സീനിയർ ഫിനാൻസ് ആഫീസർ നിർദ്ദേശിച്ചു.

അക്കൗണ്ടന്റ് ജനറൽ നടത്തുന്ന ആഡിറ്റിനെ സംബന്ധിച്ചും യഥാസമയം മറുപടി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ആഡിറ്റ് സംബന്ധിച്ച സംശയങ്ങൾക്കും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ എ.ജി.ആഡിറ്റ് ആഫീസർ മറുപടി നൽകുകയുണ്ടായി.

അക്കൗണ്ടന്റ് ജനറൽ ആഡിറ്റിലെ തടസ്സവാദങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നത്

സംബന്ധിച്ചും, ഇന്റേണൽ ആഡിറ്റ് ഫയലുകൾ വർഷങ്ങളായി തീർപ്പാകാതെ അവശേഷിക്കുന്നതിനും ചില ജില്ലകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നതിൽ വിമുഖത കാണിക്കുന്നത് വിരമിക്കുന്ന ജീവനക്കാരുടെ ബാദ്ധ്യത നിർണ്ണയിക്കുന്നതിനും തീർപ്പാക്കുന്നതിനും കാലതാമസമുണ്ടാകുന്നുവെന്നും ആയത് പലപ്പോഴും കോടതി വ്യവഹാരങ്ങൾക്ക് കാരണമാകാമെന്നും ആയതിനാൽ സമയബന്ധിതമായി മറുപടി തയ്യാറാക്കി ലഭ്യമാക്കുന്നതിന് എല്ലാ പേരും കാര്യക്ഷമമായി പ്രവർത്തിക്കണമെന്നും യോഗത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ആഡിറ്റ് സെക്ഷൻ സീനിയർ സൂപ്രണ്ട് അഭിപ്രായപ്പെട്ടു.

തുടർന്ന് വിവിധ ജില്ലകളിലെ പ്രതിനിധികൾ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും നിർദ്ദേശങ്ങൾ അടക്കം സജീവമായ ചർച്ച യോഗത്തിൽ ഉണ്ടാകുകയും ചെയ്തു.

## തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ നിന്നും ആഡിറ്റ് ക്ലാർക്ക് മാത്രമാണ് പങ്കെടുത്തത്. നിലവിലുളള ആഡിറ്റ് തടസ്സവാദങ്ങൾക്ക് അടിയന്തിരമായി മറുപടി തയ്യാറാക്കി ലഭ്യമാക്കുവാൻ ജില്ലയിലെ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും Idling Buildings, Idiling equipments എന്നിവ സംബന്ധിച്ചാണ് എ.ജി.ആഡിറ്റിൽ തീർപ്പാകാതെ അവശേഷിക്കുന്നതെന്നും അറിയിച്ചു.

## കൊല്ലം

ആഡിറ്റ് തടസ്സവാദങ്ങൾക്ക് ലഭ്യമാക്കുന്ന മറുപടികൾക്ക് യഥാസമയം തീർപ്പാക്കി ഉത്തരവ് ലഭിക്കുന്നില്ലായെന്നും ഇത് ജില്ലയിലെ ആഡിറ്റ് ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നുവെന്നും ചർച്ചയിൽ ആഡിറ്റ് സൂപ്രണ്ട് അഭിപ്രായപ്പെട്ടു. Idling Buildings, Idiling X-ray Machines, Encrochment എന്നിവയാണ് അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദങ്ങളെന്നും എക്സ്റേ മെഷീൻ പ്രവർത്തിപ്പി ക്കുവാൻ ടെക്നീഷ്യനോ ഭൗതിക സാഹചര്യങ്ങളോ ലഭ്യമല്ലാത്തതും തദ്ദേശ സ്ഥാപനങ്ങളും, ജനപ്രതിനിധികളും കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുന്നുവെങ്കിലും അനുബന്ധ ഘടകങ്ങൾ ലഭ്യമല്ലാത്തതുമാണ് ടി തടസ്സവാദങ്ങൾ ഉണ്ടാകാൻ കാരണമെന്നും സൂപ്രണ്ട് സൂചിപ്പിച്ചു. ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനവും ഫണ്ട് വിനിയോഗവും

സംബന്ധിച്ച പരിശോധന നടത്തുവാൻ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ജില്ലയിൽ "സർപ്രൈസ് ആഡിറ്റ് & ഇൻസ്പെക്ഷൻ ടീം"രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നും അറിയിച്ചു. ടി ടീമിന് പരിശോധന നടത്തുന്നതിന് പരിമിതികൾ ഉളളതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ആഫീസറുടെ നേതൃത്വത്തിൽ ഇത്തരത്തിൽ ഒരു ടീം രൂപീകരിച്ച് സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ത്വരിത പരിശോധന കാര്യക്ഷമമാക്കണമെന്ന ഒരു നിർദ്ദേശവും സൂപ്രണ്ട് മുന്നോട്ടു വയ്ക്കുകയുണ്ടായി. ടി വിഷയത്തിന്മേൽ അടിയന്തിരമായി തീരുമാനമുണ്ടാകുമെന്നും മറ്റ് ജില്ലകളിലും ടി മാതൃക പിൻതുടരണമെന്നും സീനിയർ ഫിനാൻസ് ആഫീസർ അഭിപ്രായപ്പെട്ടു.

## പത്തനംതിട്ട

പത്തനംതിട്ടയിൽ ആഡിറ്റ് തടസ്സവാദങ്ങൾക്ക് മറുപടി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായി സൂപ്രണ്ട് അറിയിച്ചു. ശബരിമല സീസണിൽ ഡ്യൂട്ടിയിലുളളവർക്ക് വേതനത്തിനും,യാത്രാബത്തയ്ക്കും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അടിയന്തിര സാഹചര്യം പരിഗണിച്ച് പി.എൻ.ഡി.റ്റി.ഫണ്ടിൽ നിന്നും തുക വകമാറ്റി ചെലവഴിക്കേണ്ടി വരുന്നു.ഇത് യഥാസമയം തിരിച്ചടക്കാൻ കഴിയാത്തത് അക്കൗണ്ടന്റ് ജനറലിന്റെ പ്രധാന ആഡിറ്റ് തടസ്സവാദമായി നിലനിൽക്കുകയാണ്. സൂഷർവൈസറി തസ്തികകൾ നിരവധി എണ്ണം ജില്ലയിൽ ഒഴിഞ്ഞു കിടക്കുന്നതിനാൽ ടി ചുമതലകൾ ആഡിറ്റ് സൂപ്രണ്ട് വഹിക്കേണ്ടി വരുന്നു. ഇത് ആഡിറ്റുമായി പൂർണ്ണസമയം ശ്രദ്ധിക്കുവാൻ കഴിയുന്നില്ല എന്നഭിപ്രായപ്പെട്ടു. പി.എൻ.ഡി.റ്റി ഫണ്ട് വിനിയോഗം സംബന്ധിച്ച് ആഡിറ്റ് ആഫീസറും , സീനിയർ ഫിനാൻസ് ആഫീസറും മറുപടി നൽകുകയുണ്ടായി.

## ആലപ്പുഴ

ആഡിറ്റ് തടസ്സവാദവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും യഥാസമയം മറുപടി ലഭ്യമാകാത്തത് വളലെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി സൂപ്രണ്ട് യോഗത്തിൽ അറിയിച്ചു. ഇതിന് പരിഹാരമുണ്ടാകണമെന്നും ഫയൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നതായും സൂപ്രണ്ട് അറിയിച്ചു. ടി വിഷയം അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കുമെന്ന് ഫിനാൻസ് ആഫീസർ അറിയിച്ചു.

## കോട്ടയം

തദ്ദേശ സ്വയംഭരണ ഫണ്ട്, എൻ.എച്ച്.എം.ഫണ്ട് എന്നിവ ആഡിറ്റ് ചെയ്യുമ്പോൾ ഫണ്ടിന്റെ ലഭ്യതയും വിശദാംശങ്ങളും ലഭ്യമല്ലാത്തത് ബുദ്ധിമുട്ടിക്കുന്നതായി സൂപ്രണ്ട് യോഗത്തിൽ അറിയിച്ചു. എച്ച്.എം.സി.ഫണ്ടിന്മേലുണ്ടാകുന്ന ബാദ്ധ്യത ബന്ധപ്പെട്ട ആഫീസർക്കും ക്ലാർക്കിനും തുല്യമായി ചുമത്താവുന്നതാണോ എന്ന സംശയവും ഉന്നയിക്കുകയുണ്ടായി.എൽ.എസ്.ജി.ഡി.ഫണ്ട് വിനിയോഗം സംബന്ധിച്ച് ആഡിറ്റ് നടത്തണമെന്ന നിർദ്ദേശം ലഭിച്ചിട്ടില്ലാത്തതിനാലും ലോക്കൽ ഫണ്ട് ആഡിറ്റ് സംവിധാനം നിലവിലുള്ളതിനാലും ആരോഗ്യവകുപ്പ് ആഡിറ്റ് ടീം എൽ.എസ്.ജി.ഡി.ഫണ്ട് ആഡിറ്റ് നടത്തേണ്ടതില്ലായെന്ന് ഫിനാൻസ് ആഫീസർ നിർദ്ദേശിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ പ്രധാന തടസ്സവാദമായ പാലാ ജനറൽ ആശുപത്രി ഭൂമി കയ്യേറ്റം സംബന്ധിച്ച് തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ആഡിറ്റ് സൂപ്രണ്ട് അറിയിച്ചു. ജില്ലയിലെ മേജർ ആശുപത്രികളോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കാറില്ലായെന്നും അവർ നിഷേധാത്മക സമീപനമാണ് സ്വീകരിക്കുന്നത് എന്നും ടി വിഷയത്തിൽ ഫിനാൻസ് ആഫീസർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും സൂപ്രണ്ട് ആവശ്യപ്പെട്ടു. ടി സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സൂപ്രണ്ടിന് നിർദ്ദേശം നൽകുകയുണ്ടായി. സംശയങ്ങൾക്ക് ആഡിറ്റ് ആഫീസർ മറുപടി നൽകി.

## ഇടുക്കി

Idling Building, പട്ടയഭൂമി, ഭൂമി കയ്യേറ്റം മതിൽ കെട്ടാൻ കഴിയാത്ത വിഷയം എന്നിവയാണ് എ.ജി.യുമായി ബന്ധപ്പെട്ട്നിലനിൽക്കുന്ന തടസ്സവാദങ്ങൾ എന്ന് സൂപ്രണ്ട് യോഗത്തെ അറിയിച്ചു. ഇവ പരിഹരിക്കുന്നതിന് റവന്യുവകുപ്പുമായി കത്തിടപാടുകൾ നടത്തുന്നുണ്ടെന്ന് സൂപ്രണ്ട് അറിയിച്ചു. മേജർ ആശുപത്രികളിൽ ധാരാളം ഫയലുകൾ വളരെക്കാലമായി പെന്റിംഗിലാണെന്നും ടി ആശുപത്രികളിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാക്കാറില്ലായെന്നും ഇതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും യോഗത്തിൽ സൂപ്രണ്ട് ആവശ്യപ്പെട്ടു. ഇത്തരം സ്ഥാപനങ്ങൾക്ക് ജില്ലാ മെഡിക്കൽ ആഫീസർ കർശന നിർദ്ദേശം നൽകണമെന്ന് ഫിനാൻസ് ആഫീസർ നിർദ്ദേശിച്ചു.

## എറണാകുളം

Idling X-ray machine ഇതാണ് എ.ജി.യുടെ പ്രധാന തടസ്സവാദം. ആശുപത്രിയുടെ അപേക്ഷയില്ലാതെയാണ് എൻ.ആർ.എച്ച്.എം പ്രസ്തുത മെഷീൻ വാങ്ങിവച്ചത്. എക്സ്റേ ടെക്നീഷ്യനോ മറ്റ് ഭൗതിക സാഹചര്യങ്ങളോ ലഭ്യമല്ലാത്തതിനാൽ ഇത് പ്രവർത്തിപ്പിക്കാൻ കഴിയില്ല. ഇത് തടസ്സവാദമായി നിലനിൽക്കുന്നു. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ ഇത് മറ്റ് സ്ഥാപനത്തിന് കൈമാറാനും കഴിയുന്നില്ല. ടി വിവരങ്ങൾ വിശദമായി എ.ജി.യ്ക്ക് റിപ്പോർട്ട് നൽകുവാൻ ആഡിറ്റ് ആഫീസർ നിർദ്ദേശം നൽകി.

## തൃശൂർ

Idling Machine-കൾ ആണ് ജില്ലയിലെ എ.ജി.യുടെ പ്രധാന തടസ്സവാദം. ആശുപത്രികളുടെ ആവശ്യകത പരിശോധിക്കാതെ വൻതോതിൽ എൻ.ആർ.എച്ച്.എം സാധനങ്ങൾ വിതരണം ചെയ്യുകയും അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളില്ലാത്തതുമാണ് കാരണമെന്ന് എ.ജി.യെ അറിയിച്ചുവെങ്കിലും തടസ്സവാദം നീക്കി കിട്ടുന്നില്ലായെന്ന് സൂപ്രണ്ട് അറിയിച്ചു.

## പാലക്കാട്

ആഡിറ്റ് അദാലത്ത് നടത്തി സമയബന്ധിതമായി മറുപടി തയ്യാറാക്കുന്ന നടപടി തുടർന്നുവരുന്നതായി ആഡിറ്റ് സൂപ്രണ്ട് അറിയിച്ചു. ജെ.പി.എച്ച്.എൻ. മാരുടെ ഫിക്സേഷനുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ അദാലത്ത് നടത്തി ബാദ്ധ്യത തിട്ടപ്പെടുത്തുകയും 14 ലക്ഷം രൂപ തിരിച്ച് പിടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## മലപ്പുറം

പെർമനന്റ് അഡ്വാൻസ് തുക തിരികെ അടയ്ക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമാണോയെന്ന് സൂപ്രണ്ട് സംശയം ചോദിക്കുകയും ട്രഷറിയുമായി ബന്ധപ്പെട്ട് എത്രയും വേഗം ടി തുക തിരിച്ചടക്കുവാൻ ഫിനാൻസ് ആഫീസർ നിർദ്ദേശം നൽകുകയും ചെയ്തു. അക്കൗണ്ടന്റ് ജനറലിന്റെ കൺസോളിഡേറ്റഡ് റിപ്പോർട്ടിൽ സമാനമായ തടസ്സവാദങ്ങളാണ് വിവിധ സ്ഥാപനങ്ങളുടെ പേരിലുള്ളത്. ആയതിന് പൊതുവായ മറുപടി നൽകിയിട്ടും തടസ്സവാദം നീക്കി കിട്ടുന്നില്ലായെന്ന് സൂപ്രണ്ട് അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് ആഡിറ്റ് ആഫീസർ മറുപടി നൽകി.

## കോഴിക്കോട്

2007 മുതലുള്ള ആഡിറ്റ് തടസ്സവാദം നിലവിലുണ്ടെന്നും അവ തീർപ്പാക്കുന്നതിനായി മറുപടി തയ്യാറാക്കി വരുന്നതായി സൂപ്രണ്ട് അറിയിച്ചു. പഴയ ഫയൽ കണ്ടെത്താൻ കഴിയാത്തതും തടസ്സവാദവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാകാത്തതും മറുപടി നൽകുന്നതിന് തടസ്സമാകുന്നു. ട്രെയിനിംഗ് നടത്തിയപ്പോൾ ഓണറേറിയം നൽകിയതും ആർ.എസ്.ബി.വൈ ഫണ്ട് സംബന്ധിച്ചുമാണ് പ്രധാനമായും എ.ജി ആഡിറ്റ് തടസ്സവാദമുള്ളത്. ഇതിൽ പരിശീലനം സർക്കാർ ഉത്തരവ് പ്രകാരമാണ് നടത്തിയിട്ടുള്ളത്. ആർ.എസ്.ബി.വൈ ഫണ്ട് സംബന്ധിച്ച് പ്രസ്തുത കമ്പനി നിലവിലില്ലാത്തതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നില്ലെന്നും സൂപ്രണ്ട് അറിയിച്ചു. പ്രസ്തുത വിവരങ്ങൾ വ്യക്തമാക്കികൊണ്ട് അക്കൗണ്ടന്റ് ജനറലിന് മറുപടി നൽകുവാൻ ആഡിറ്റ് ആഫീസർ നിർദ്ദേശം നൽകി.

## വയനാട്

ട്രൈബൽ ഫണ്ട് വിനിയോഗം സംബന്ധിച്ചാണ് പ്രധാനമായും ആഡിറ്റ് തടസ്സവാദം നിലനിൽക്കുന്നതെന്ന് സെക്ഷൻ ക്ലാർക്ക് അറിയിച്ചു. ക്ലാർക്ക് മാത്രമാണ് യോഗത്തിൽ പങ്കെടുത്തത്. ട്രൈബൽ ഫണ്ട് recoup ചെയ്യുന്നതിന് ആവശ്യമായ ഫണ്ട് ലഭിക്കുന്നില്ല. ആയതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദത്തിന് മറുപടി നൽകുന്നതിന് കഴിയുന്നില്ല. ആഡിറ്റ് തടസ്സവാദത്തിന് മറുപടി നൽകുന്നതുമായി ബന്ധപ്പെട്ട് അദാലത്ത് നടത്തിയെങ്കിലും ജില്ലയിലെ നിരവധി സ്ഥാപനങ്ങൾ അദാലത്തിൽ പങ്കെടുത്തിട്ടില്ല. ഗുരുതരമായ വീഴ്ച വരുത്തിയവർ ക്കെതിരെ ജില്ലാ തലത്തിൽ നടപടിയെടുക്കണമെന്ന് സീനിയർ ഫിനാൻസ് ആഫീസർ നിർദ്ദേശം നൽകി. ജില്ലയിലെ മേജർ ആശുപത്രികൾ പ്രത്യേകിച്ചും മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിന്നും യാതൊരു മറുപടിയും നൽകാറില്ലായെന്നും ഇത് യഥാസമയം മറുപടി നൽകുന്നതിന് തടസ്സമാകുന്നുവെന്നും ജില്ലയിൽ നിന്നും പങ്കെടുത്ത പ്രതിനിധി അറിയിച്ചു. ടി വിഷയം ജില്ലാ മെഡിക്കൽ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര നടപടി സ്വീകരിക്കുവാൻ സീനിയർ ഫിനാൻസ് ആഫീസർ നിർദ്ദേശം നൽകി. ട്രൈബൽ ആശുപത്രിയിൽ ഓങ്കോളജി വിഭാഗത്തിൽ ഡോക്ടറെ നിയമിക്കാത്തത് അക്കൗണ്ടന്റ്

ജനറലിന്റെ ആഡിറ്റ് തടസ്സവാദത്തിന് കാരണമായിട്ടുണ്ട് എന്നും പ്രസ്തുത നിയമനത്തിലൂടെ മാത്രമേ തടസ്സവാദം നീക്കാൻ കഴിയുകയുളളു എന്നും ക്ലാർക്ക് യോഗത്തെ അറിയിച്ചു.

**കണ്ണൂർ**

RSBY rejected claims ഒരു പ്രധാന തടസ്സവാദമാണ് എന്നാൽ ബന്ധപ്പെട്ട കമ്പനി നിലവിലില്ലാത്തതിനാൽ ഇത് പരിഹരിക്കുവാൻ കഴിയുന്നില്ല എന്ന് സൂപ്രണ്ട് അറിയിച്ചു. കമ്പനി നിലവിലില്ല എന്നത് സംബന്ധിച്ച് വിശദമായ മറുപടി അക്കൗണ്ടന്റ് ജനറലിന് നൽകണമെന്ന് ആഡിറ്റ് ആഫീസർ നിർദ്ദേശിച്ചു. അത്യാവശ്യങ്ങൾക്ക് എച്ച്.എം.സി. ഫണ്ട് വിനിയോഗിക്കേണ്ടി വരുന്നുവെങ്കിലും യഥാസമയം ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ലഭിക്കാത്തതിനാൽ എച്ച്.എം.സി.ഫണ്ട് recoup ചെയ്യാൻ കഴിയുന്നില്ല. മേജർ ആശുപത്രികൾ ആഡിറ്റ് തടസ്സവാദങ്ങൾക്ക് മറുപടി നൽകുന്നതിൽ സ്വീകരിച്ചിട്ടുളള നിസ്സംഗത ഒരു പ്രധാന വിഷയമാണ്.ആയതിനാൽ ടി വിഷയത്തിൽ അടിയന്തിര നടപടി ആവശ്യമാണെന്നും ആവശ്യമുയർന്നു.

**കാസറഗോഡ്**

ആർ.എസ്.ബി.വൈ കുടിശ്ശിക സംബന്ധിച്ചാണ് അക്കൗണ്ടന്റ് ജനറലിന്റെ പ്രധാന തടസ്സവാദമെന്ന് സൂപ്രണ്ട് യോഗത്തിൽ അറിയിച്ചു. കമ്പനി അടച്ചുപൂട്ടിയതാണ് തടസ്സവാദം നിലനിൽക്കുന്നതിനുളള പ്രധാന കാരണം. സർക്കാറിന് നഷ്ടമുണ്ടായതിനാലാണ് അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് തടസ്സവാദം മാറ്റാത്തതെന്ന് ആഡിറ്റ് ആഫീസർ മറുപടി നൽകി. ആയതിനാൽ ഇൻഷ്വറൻസ് കമ്പനി നിലവിലില്ലഎന്ന്കാണിച്ച് എ.ജി.യ്ക്ക് വിശദമായ മറുപടി നൽകുവാൻ ആഡിറ്റ് ആഫീസർ നിർദ്ദേശിച്ചു. റ്റി.ബി.സെന്ററിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ചതുമായി ബന്ധപ്പെട്ട തടസ്സവാദം ഇപ്പോഴും നിലനിൽക്കുന്നു. സ്റ്റാഫുകളുടെ അപര്യാപ്തത ആഡിറ്റ് പ്രവർത്തനത്തെ ബാധിക്കുന്നതായും സൂപ്രണ്ട് പരാതിപ്പെട്ടു. തസ്തിക സംബന്ധിച്ച് പ്രപ്പോസൽ സമർപ്പിക്കുവാൻ ഫിനാൻസ് ആഫീസർ നിർദ്ദേശിച്ചു.

**നിർദ്ദേശങ്ങൾ**

1. ആഡിറ്റ് ഫയലുകളുടെ കുടിശ്ശിക കുറയ്ക്കുവാനും, ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സംസ്ഥാനതലത്തിലും , ജില്ലാ തലത്തിലും അദാലത്തുകൾ

സംഘടിപ്പിക്കണം.

2. ആഡിറ്റ് ഫയലുകളുടെ തടസ്സവാദങ്ങൾക്ക് യഥാസമയം മറുപടി നൽകാൻ തയ്യാറാകാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ തയ്യാറാക്കി സ്ഥാപന മേധാവികൾക്ക് ജില്ലാ മെഡിക്കൽ ആഫീസർമാർ കർശന നിർദ്ദേശം നൽകുന്നതിനും കഴിയാതെ വരുന്ന സാഹചര്യത്തിൽ വിശദാംശങ്ങൾ സീനിയർ ഫിനാൻസ് ആഫീസർക്ക് നൽകുവാനും നിർദ്ദേശം നൽകി.

3. സീനിയർ ഫിനാൻസ് ആഫീസറുടെ നേതൃത്വത്തിൽ സർപ്രൈസ് ആഡിറ്റ് & ഇൻസ്പെക്ഷൻ ടീം ആരോഗ്യ സ്ഥാപനങ്ങളിൽ ത്വരിത പരിശോധന ശക്തമാക്കുന്നതിനും കൊല്ലം ജില്ലയിൽ രൂപീകരിച്ചതു പോലെ ജില്ലാ ടീമുകൾ രൂപീകരിച്ച് പരിശോധന നടത്തണമെന്നും നിർദ്ദേശിച്ചു.

4. മൂന്നു മാസത്തിലൊരിക്കൽ കൃത്യമായി എ.എം.സി.കൂടണമെന്നും എ.എം.സി.മീറ്റിംഗിലെടുക്കുന്നതീരുമാനങ്ങൾസമയബന്ധിതമായി നടപ്പാക്കുന്നതിനും തീരുമാനിച്ചു.

5. ആഡിറ്റ് നടത്തുവാൻ കുടിശ്ശിക ഉള്ള സ്ഥാപനങ്ങളിൽ അടിയന്തിരമായി ആഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർദ്ദേശമുണ്ടായി.

6. എ.എം.സി.മീറ്റിംഗ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് നടത്തണമെന്ന നിർദ്ദേശം സീനിയർ ഫിനാൻസ് ആഫീസർ നിർദ്ദേശിക്കുകയും ചില ജില്ലകളിൽ നിന്നും പങ്കെടുത്ത പ്രതിനിധികൾ അസൗകര്യങ്ങൾ അറിയിച്ചുവെങ്കിലും ടി വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുവാൻ സീനിയർ ഫിനാൻസ് ആഫീസറെ ചുമതലപ്പെടുത്തി.

7. ആഡിറ്റ് ടീമിന് പരിശീലനം വേണമെന്ന പൊതു നിർദ്ദേശത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുമായി ആലോചിച്ച് ഫണ്ടിന്റെ ലഭ്യത കൂടി പരിശോധിച്ച് പരിശീലനം സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് സീനിയർ ഫിനാൻസ് ആഫീസർ യോഗത്തെ അറിയിച്ചു.

യോഗം ഉച്ചയ്ക്ക് 2 മണിയ്ക്ക് സമാപിച്ചു

ഫെറോൾഡ്സേവ്യർ
സീനിയർ ഫിനാൻസ് ആഫീസർ
ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി.

**എറണാകുളത്ത് വച്ച് നടന്ന ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തവർ**

1 ഡോ.എൻ.കെ.കുട്ടപ്പൻ, ജില്ലാ മെഡിക്കൽ ആഫീസർ,എറണാകുളം

2. ശ്രീ.ഫെറോൾഡ് സേവ്യർ,സീനിയർ ഫിനാൻസ് ആഫീസർ,ഡിഎച്ച്.എസ്.ആഫീസ്

3. ശ്രീമതി.പ്രീത.പി.സീനിയർ സൂപ്രണ്ട്. ഡി.എച്ച്.എസ്.ആഫീസ്

4. ശ്രീമതി.ജയശ്രീ.എസ്, ആഡിറ്റ് ആഫീസർ(എഫ്.ഡബ്ല്യു).ഡി.എച്ച്.എസ്.ആഫീസ്

5. ശ്രീ.സജി.ജി.നായർ, സീനിയർ ക്ലാർക്ക്, ഡി.എച്ച്.എസ്.ആഫീസ്

6. ശ്രീമതി.ദീപ.കെ.വി, ക്ലാർക്ക്, ഡി.എച്ച്.എസ്.ആഫീസ്

7. ശ്രീ.മുരളീധരൻ നായർ, സീനിയർ ക്ലാർക്ക്, ഡി.എച്ച്.എസ്.ആഫീസ്

8. ശ്രീമതി.എം.ഡി.തങ്കമ്മ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം

9. ശ്രീ.പി.ബി.ജഗദീഷ്, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം

10. ശ്രീമതി.ഗായത്രി.റ്റി.എസ്, ഹെഡ് ക്ലാർക്ക് ജില്ലാ മെഡിക്കൽ ആഫീസ്,എറണാകുളം

11. ശ്രീ.പി.റ്റി.ഷിജു, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്,എറണാകുളം

12. ശ്രീ.ലാൽഘോഷ്, ജൂനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്,കൊല്ലം

13. ശ്രീ.ബിജി.സി.മാത്യു, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽആഫീസ്,പത്തനംതിട്ട

14 ശ്രീ.ബിനു ജോൺ.ഡി.ജോർജ്ജ്,സീനിയർ ക്ലാർക്ക്.ജില്ലാ മെഡിക്കൽആഫീസ്, പത്തനംതിട്ട

15. ശ്രീ.ശശാങ്കൻ.പി.പി, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്,കോട്ടയം

16. ശ്രീ.പി.എസ്.രമേഷ്ബാബു, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, കോട്ടയം

17. ശ്രീ.ഷറഫുദ്ദീൻ.കെ, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്,മലപ്പുറം

18. ശ്രീ.എം.മുരളീധരൻ, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, പാലക്കാട്

19. ശ്രീ.റ്റി.ആർ.രാധാകൃഷ്ണൻ, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, പാലക്കാട്

20. ശ്രീ.ശ്രീധരൻ.കെ.എൽ, സീനിയർ ക്ലാർക്ക്,ജില്ലാ മെഡിക്കൽ ആഫീസ്, പാലക്കാട്

21. ശ്രീമതി.അപർണ്ണ കർത്ത, ഹെഡ് ക്ലാർക്ക് , ജനറൽ ആശുപത്രി,എറണാകുളം

22. ശ്രീ.ശ്യാമസുന്ദരൻ, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്,കണ്ണൂർ

23. ശ്രീ.സുനിൽകുമാർ.കെ.പി, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, കോഴിക്കോട്

24. ശ്രീ.ശ്രീബിത്ത്.വി.കെ, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, കോഴിക്കോട്.

25. ശ്രീ.ഗിരീഷ്കുമാർ.പി., സീനിയർ സൂപ്രണ്ട്ജില്ലാ മെഡിക്കൽ ആഫീസ്, കാസർഗോഡ്

26. ശ്രീ.അനീഷ്കുമാർ.ആർ.കെ, ക്ലാർക്ക്ജില്ലാ മെഡിക്കൽ ആഫീസ്,കാസർഗോഡ്

27. ശ്രീ.സുരേഷ്ബാബു.കെ.എ, സീനിയർ ക്ലാർക്ക്ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം

28. ശ്രീ.നിസാർ അഹമ്മദ്.എൻ.പി, സീനിയർ സൂപ്രണ്ട്ജില്ലാ മെഡിക്കൽ ആഫീസ്, കണ്ണൂർ

29. ശ്രീമതി.ധന്യ.പി, സീനിയർ ക്ലാർക്ക്,ജില്ലാ മെഡിക്കൽ ആഫീസ്, വയനാട്

30. ശ്രീമതി.രേഖ.എസ്, സീനിയർ സൂപ്രണ്ട്,ജില്ലാ മെഡിക്കൽ ആഫീസ്, ആലപ്പുഴ

31. ശ്രീ.ജോൺ ഫിലിപ്.പി, സീനിയർ ക്ലാർക്ക്,ജില്ലാ മെഡിക്കൽ ആഫീസ്, ആലപ്പുഴ

32. ശ്രീ.റാഫേൽ.പി.എം, സീനിയർ സൂപ്രണ്ട്,ജില്ലാ മെഡിക്കൽ ആഫീസ്, ഇടുക്കി

33. ശ്രീ.എസ്.ബാജിമോൻ, സീനിയർ സൂപ്രണ്ട്,ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം

34. ശ്രീ.വി.ജോസ്, സീനിയർ ക്ലാർക്ക്,ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം

35. ശ്രീ.വി.ഗോപകുമാർ, സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം

36. ശ്രീ.മദൻ ജനാർദ്ദനൻ, സീനിയർ സൂപ്രണ്ട്ജില്ലാ മെഡിക്കൽ ആഫീസ്, മലപ്പുറം

37. ശ്രീ.അബ്ദുൾ ജബ്ബാർ.ആർ.എച്ച്, സീനിയർ സൂപ്രണ്ട്,ജില്ലാ മെഡിക്കൽ ആഫീസ്, തൃശൂർ

38. ശ്രീ.രഞ്ജിത്.റ്റി.ജി, സീനിയർ ക്ലാർക്ക്ജില്ലാ മെഡിക്കൽ ആഫീസ്,തൃശൂർ

മെറ്റേർഡ് ജോയ്സർ.
സീനിയർ ഫിനാൻസ് ആഫീസർ